Janayugom 15-10-18, P-10

# കാർഷിക യന്ത്രങ്ങളുടെ പരിരക്ഷയും സംരക്ഷണവും ഉറപ്പാക്കാൻ സമഗ്രപദ്ധതി

**പി എസ് രശ്മി**

തിരുവനന്തപുരം : കാർഷിക യന്ത്രങ്ങളുടെ പരിരക്ഷയും സംരക്ഷണവും ഉറപ്പാക്കാനുള്ള സമഗ്ര പദ്ധതികളുമായി സർക്കാർ. യന്ത്രങ്ങളുടെയും തൊഴിലാളികളുടെയും ദൗർലഭ്യം പരിഹരിച്ച് സമഗ്രമായ പരിവർത്തനമാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ കർഷകർക്ക് കാർഷിക യന്ത്രങ്ങളുടെ സേവനം ഉറപ്പാക്കാൻ മൊബൈൽ ആപ്പ് നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. യന്ത്രങ്ങളുടെയും തൊഴിലാളികളുടെയും സേവനം ഇതു വഴി ലഭ്യമാക്കുകയാണ് കാർഷിക യന്ത്രവൽക്കരണ മിഷൻ ഇത് വഴി ലക്ഷ്യമിടുന്നത്. ഇതിനായി കൊയ്ത്ത് മെതിയന്ത്രങ്ങൾ, ട്രാക്ടർ, ടില്ലർ, ഹോഴ്സ് പവർ തുടങ്ങിയവയെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആപ്ലിക്കേഷൻ തയ്യാറാക്കി ഓൺലൈൻ ടാക്സികളുടെ മാതൃകയിൽ സേവനം ലഭ്യമാക്കും. വിവരശേഖരണം അവസാന ഘട്ടത്തിലാണ് .



കർഷകർ ഈ മൊബൈൽ ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്ത് കഴിഞ്ഞാൽ അവർക്ക് ആവശ്യമുള്ള യന്ത്രങ്ങളുടെയും കാർഷിക കർമസേന , അഗ്രോസെന്റർ സേവനങ്ങൾ എന്നിവ ഇതുവഴി ഓർഡർ ചെയ്യാം. ബുക്ക് ചെയ്താൽ അവർക്ക് ഉടൻ തന്നെ സേവനം ലഭ്യമാകും. നെറ്റ് ബാങ്കിംഗ് , മൊബൈൽ ആപ്പുകൾ വഴി വേണമെങ്കിലും പണവും അടയ്ക്കാൻ കഴിയും. ഓരോ പ്രദേശത്തുമുള്ള യന്ത്രങ്ങൾ, യന്ത്രങ്ങളുടെ പ്രവർത്തന ക്ഷമത, റിപ്പയർ ചെയ്യേണ്ടവയുടെ വിവരം എന്നിവയാണ് ശേഖരിക്കുന്നത്. വിവര ശേഖരണത്തിന്റെ ഭാഗമായി എവിടെയൊക്കെ കാർഷിക യന്ത്രങ്ങളുണ്ട് എന്ന വിവരമാണ് പ്രധാനമായും ശേഖരിക്കുന്നത്. ഓരോ പ്രദേശത്തെയും കൃഷിഭവനുകളുടെ സഹായവും ഇതിനായുണ്ട്. ഓരോ പഞ്ചായത്തുകൾക്ക് കീഴിലുള്ളവയുടെയും സ്വകാര്യവ്യക്തികളുടെ കൈവശമുള്ള യന്ത്രങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. ഇതിൽ ആപ്ലിക്കേഷനുമായി ലിങ്ക് ചെയ്യാൻ താൽപര്യമുള്ളവരുടെ പട്ടിക ഉണ്ടാക്കും. കൃഷിഭവന് കീഴിലുള്ള കാർഷിക യന്ത്രങ്ങൾ കണ്ടെത്തി അവിടെ രജിസ്റ്റർ ചെയ്യണമെന്ന് സർക്കുലർ നൽകിയിട്ടുണ്ട്. ഈ രജിസ്റ്റർ പരിശോധിച്ചാൽ ഈ പ്രദേശത്തെ യന്ത്രങ്ങൾ കണ്ടെത്താൻ പറ്റും.

സ്വകാര്യവ്യക്തികളുടെ പക്കലുള്ള കാർഷികയന്ത്രങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നത് വഴി ഈ പദ്ധതിയുടെ ഭാഗമാക്കി മാറ്റാൻ സാധിക്കും. അത് കൊണ്ട് തന്നെ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള യന്ത്രങ്ങളും രജിസ്റ്റർ ചെയ്യണമെന്നാണ് സർക്കുലറിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ഇടുക്കി ജില്ലയിലെ കണക്ക് കൂടി ലഭിച്ചാൽ ഈ പട്ടിക പൂർണമാകും. ഒപ്പം ഉപയോഗ ശൂന്യമായ യന്ത്രങ്ങളുടെ കണക്കെടുപ്പും, ഓരോ ഇടത്തും ആവശ്യമുള്ളവയുടെയും വേണ്ടാത്തവയുടെയും പട്ടികയും തയ്യാറാക്കുന്നുണ്ട്. ഉപയോഗശൂന്യമായവ ലേലം ചെയ്ത് നൽകും. മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപ്പനയും ഉടൻ തന്നെ പൂർത്തിയാകും. നവംബർ അവസാനത്തോടെ തന്നെ ഇതിനുള്ള സോഫ്റ്റ് വെയർ തയ്യാറാകും. ഓരോ ജില്ലയിലും ആവശ്യമുള്ള യന്ത്രങ്ങൾ ഇല്ലെങ്കിൽ മറ്റ് ജില്ലകളിൽ നിന്നും ബുക്ക് ചെയ്ത് വരുത്താനും സാധിക്കും. കാർഷിക കർമസേനയുടെ എൻജിനിയറിംഗ് വിഭാഗമായിരിക്കും ഇതിന് നേതൃത്വം നൽകുക. ഐടിഐ കളിൽ നിന്നും ട്രെയിനിംഗ് നൽകി നിയമിച്ചിട്ടുള്ളവരും ഇതിന്റെ ഭാഗമാകും. നവീന രീതികളിലൂടെ കൃഷിക്കാർക്ക് സഹായകമായ രീതിയിൽ ഉള്ള പ്രവർത്തനങ്ങളാണ് മൊബൈൽ ആപ്ലിക്കേഷൻ ഉൾപ്പടെയുള്ളവയിലൂടെ ലക്ഷ്യമിടുന്നതെന്ന് കാർഷിക യന്ത്രവൽക്കരണ മിഷൻ സിഇഒയും കാർഷിക കർമസേന സ്പെഷ്യൽ ഓഫീസറുമായ ഡോ. ജയകുമാർ ജനയുഗത്തോട് പറഞ്ഞു.

കാർഷിക യന്ത്രപരിരക്ഷണ യജ്ഞം എന്ന പേരിൽ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിനടത്തുന്നതിന് എല്ലാ ജില്ലകളിലും പുതിയ പദ്ധതിക്കും ഉടൻ തുടക്കമാകും. മൊബൈൽ റിപ്പയറിംഗ് സർവീസ് യൂണിറ്റ് വഴിയാകും സേവനങ്ങൾ ഉറപ്പാക്കുക. എല്ലാ ജില്ലകളിലും കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി ആവശ്യമുള്ളയിടങ്ങളിൽ ഈ മൊബൈൽ യൂണിറ്റുകൾ എത്തി സേവനം നൽകും. സ്പെയർ പാർട്സിന്റെ ചെലവ് മാത്രം കർഷകർ വഹിച്ചാൽ മതിയാകും. റിപ്പയറിംഗ് സൗജന്യമായിരിക്കും. ആദ്യഘട്ടത്തിൽ സംസ്ഥാന സർക്കാർ, കാർഷിക കർമസേന, അഗ്രോസർവീസ് സെന്റർ, പഞ്ചായത്ത് ,ജില്ലാപഞ്ചായത്ത് എന്നിവ നൽകിയിരിക്കുന്ന യന്ത്രങ്ങൾ ആയിരിക്കും പദ്ധതിയുടെ ഭാഗമാക്കുക. സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ചെയർമാൻ കൂടിയായ കൃഷിമന്ത്രി വി എസ് സുനിൽകുമാറിന്റെ നേതൃത്വത്തിൽ നിരവധി പുതിയ പദ്ധതികൾ കർഷകരുടെ സഹായത്തിനായി മിഷൻ ആവിഷ്കരിക്കുന്നുണ്ട്.